## പതിമൂന്നാം കേരള നിയമസഭ
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2066** **10.10.2011ൽ മറുപടിക്ക്**

## <u>തേഞ്ഞിപ്പലത്ത് സി.എച്ച്.സി</u>

**<u>ചോദ്യം</u>**

**ശ്രീ. കെ. എൻ. എ. ഖാദർ**

**<u>ഉത്തരം</u>**

**ശ്രീ. അടൂർ പ്രകാശ്**
**(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)**

എ) വള്ളിക്കുന്ന്, ചേലേമ്പ്ര, പള്ളിക്കൽ, പെരുവള്ളൂർ, മൂന്നിയൂർ, തേഞ്ഞിപ്പലം എന്നീ പഞ്ചായത്തുകളിൽ ഹോമിയോ ആശുപത്രികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;

എ) 2011-12 വാർഷിക പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിൻ പ്രകാരം, ഹോമിയോപ്പതി വകുപ്പിൽ പുതിയതായ 60 ഡിസ്പെൻസറികൾ തുടങ്ങുന്നതിന് ഹോമിയോപ്പതി ഡയറക്ടർ സമർപ്പിച്ച നിർദ്ദേശത്തിൽ, ചേലമ്പ്ര, പള്ളിക്കൽ, പെരുവള്ളൂർ, മൂന്നിയൂർ, തേഞ്ഞിപ്പലം എന്നീ പഞ്ചായത്തുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ബി) വെളിമുക്ക് ആയുർവേദ ആശുപത്രി ജില്ലാ ആശുപത്രിയാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ ;

ബി) മലപ്പുറം ജില്ലയിലെ വളവന്നൂരിൽ 50 കിടക്കകളോടു കൂടിയ ജില്ലാ ആയുർവേദ ആശുപത്രി പ്രവർത്തിച്ചു വരുന്ന സാഹചര്യത്തിൽ വെളിമുക്ക് ആയുർവേദ ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

സി) തേഞ്ഞിപ്പലം പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രം ഇല്ലെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

സി) ഉണ്ട്.

ഡി) എങ്കിൽ തേഞ്ഞിപ്പലത്ത് ഒരു സി.എച്ച്.സി. ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഡി) തേഞ്ഞിപ്പലത്ത് സി.എച്ച്.സി. ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ